# 'നീര' രുചി അമേരിക്കയിൽ

കൊച്ചി ● നീരയും മറ്റു നാളികേര ഉൽപന്നങ്ങളും അമേരിക്കയിലെ ഏറ്റവും വലിയ ഭക്ഷ്യമേളയിൽ ശ്രദ്ധേയ സാന്നിദ്ധ്യമായി. ന്യൂയോർക്കിലെ ജേക്കബ് ജാവിറ്റ്സ് കൺവൻഷൻ സെന്ററിൽ നടന്ന സമ്മർ ഫാൻസി ഭക്ഷ്യമേളയിലാണു കേരളത്തിന്റെ തനത് ഉൽപന്നങ്ങൾക്കു മികച്ച പ്രതികരണം നേടാനായത്.

നീരയുടെ മൂല്യവർധിത ഉൽപന്നങ്ങളായ നീര ചോക്ലേറ്റ്, നീര കുക്കീസ്, തെങ്ങിൻ ചക്കര, ജാം, ബിസ്ക്കറ്റ്, വെർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് മിൽക്ക് പൗഡർ, നാളികേര ചിപ്സ് എന്നിവയ്ക്കു വ്യാപാര അന്വേഷണങ്ങൾ ലഭിച്ചു. കോക്കനട്ട് ക്രീം, കോക്കനട്ട് മിൽക്ക്, തൂൾ തേങ്, പായ്ക്കുചെയ്ത ഇളനീർ, വിവിധ ബ്രാൻഡുകളിലുള്ള വെളിച്ചെണ്ണ എന്നിവയും സ്റ്റാളുകളിൽ സജ്ജീകരിച്ചിരുന്നു. കൂടാതെ നാളികേരത്തിന്റെ നന്മ വിളിച്ചോതുന്ന വിവിധ ഉൽപന്നങ്ങളുടെ പരസ്യങ്ങളു പോസ്റ്ററുകളുംപവിലിയനെആകർഷകമാക്കി.

നാളികേര വികസന ബോർഡ് ഡയറക്ടർ ടി.ഐ. മാത്യുക്കുട്ടിയുടെ നേതൃത്വത്തിലാണു ബോർഡ് പ്രദർശനത്തിൽ പങ്കെടുത്തത്.

കേന്ദ്ര സർക്കാരിന്റെ എക്സ്പോർട്ട് പ്രമോഷൻ കൗൺസിലിന്റെയും വിവിധ വാണിജ്യ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ യോജിപ്പിച്ച് 'ബ്രാൻഡ് ഇന്ത്യ' എന്ന പേരിലാണു പ്രദർശനത്തിൽ ഇന്ത്യൻ ഉൽപന്നങ്ങൾ എത്തിച്ചത്. നാളികേര വികസന ബോർഡിനെക്കൂടാതെ മറ്റു സർക്കാർ, സ്വകാര്യ മേഖലയിൽ നിന്നുള്ള സ്ഥാപനങ്ങളും ഇന്ത്യൻ പവിലിയനു കീഴിൽ മേളയിൽ പങ്കെടുത്തു.